(ബി) ഇതു സംബന്ധിച്ച സാദ്ധ്യതാ പഠനം നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ;

(സി) നിർദ്ദിഷ്ട തുറമുഖം സംബന്ധിച്ച സർവ്വേകൾ പൂർത്തിയാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എൻ.റ്റി.പി.സി. യാണ് കായംകുളം താപനിലയത്തിനുവേണ്ടി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന തുറമുഖത്തിന്റെ നിർമ്മാണം സംബന്ധിച്ച നടപടികൾ എടുക്കുന്നത്. തുറമുഖ നിർമ്മാണം, സംബന്ധിച്ച് സാദ്ധ്യതാപഠനം നടത്തുന്നതിനും രൂപരേഖ തയ്യാറാക്കുന്നതിനും തുറമുഖ വകുപ്പ് എൻ.റ്റി.പി.സി.യ്ക്ക് അനുമതി നല്കിയിട്ടുണ്ട്. പഠനങ്ങൾ പുരോഗമിച്ചു വരുന്നതായി അറിയുന്നു.

(ബി) പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തുന്നത് എൻ.റ്റി.പി.സി. യാണ്. ആരെയാണ് അവർ ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് അറിയില്ല.

(സി) പൂർത്തിയായിട്ടില്ല എന്നാണ് അറിയുന്നത്.

ബേപ്പൂർ മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം

111 (1310) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ബി) തുറമുഖ വികസനം എത്ര ഘട്ടങ്ങളായാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിനായി വരുന്ന ചെലവിൽ കേന്ദ്രസംസ്ഥാന വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) തുറമുഖ വികസനത്തിനായി ഗ്ലോബൽ ഇൻവെസ്റ്റർ മീറ്റ് വഴി ഏതെല്ലാം ഏജൻസികൾ തയ്യാറായിട്ടുണ്ട് ;

(ഇ) ഉണ്ടെങ്കിൽ സർക്കാർ അവരുമായി കരാർ ഒപ്പിട്ടിട്ടുണ്ടോ ;

(എഫ്) കരാർ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പദ്ധതി രൂപരേഖയനുസരിച്ച് നാലു ഘട്ടങ്ങളായാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) 50 ശതമാനം വീതം

(ഡി) ഒരേജൻസിയും തയ്യാറായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ബാധകമല്ല.

(എഫ്) ബാധകമല്ല.

(3) വൈകി കിട്ടിയ ഉത്തരങ്ങൾ

വ്യവസായരംഗത്തെ പുതിയ സാമ്പത്തിക നയം

112 (1173) ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. ജയരാജൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായരംഗത്ത് നിലവിലുള്ള യാതൊരു നിയമവും ബാധകമല്ലാത്ത 'പ്രത്യേക സാമ്പത്തിക മേഖല' കൊണ്ടുവരാനുള്ള നയത്തിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ നയം സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ ; നയത്തിൽ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക് മുൻതൂക്കം നൽകിയിട്ടുണ്ടോ ;

(സി) സർക്കാർ രൂപം നൽകിയ നയത്തിന്റെ ഭാഗമായി 'പ്രത്യേക സാമ്പത്തിക മേഖലയിൽ' വരുന്ന വ്യവസായികൾക്ക് ഏതെല്ലാം നിയമവ്യവസ്ഥകളിൽ നിന്നുള്ള ഒഴിവാക്കലുകളും പ്രത്യേക ആനുകൂല്യങ്ങളും നൽകാൻ ഉദ്ദേശിക്കുന്നു ;

(ഡി) ഇത്തരമൊരു നയം സ്വീകരിക്കാൻ സർക്കാരിന് നിർദ്ദേശം ലഭിച്ചത് എവിടെ നിന്നാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) നിർദ്ദിഷ്ട സാമ്പത്തിക മേഖലയിൽ സർക്കാരിന് എന്തെങ്കിലും നിയന്ത്രണം ഉണ്ടാകുമോ ;

(എഫ്) നികുതി പിരിവുകളോ തൊഴിലാളി നിയമങ്ങളോ ഇല്ലാത്ത മേഖലയിലേക്ക് വരുന്ന വ്യവസായികൾക്ക് അവർ കൊയ്യുന്ന ലാഭം മൊത്തമായി കൊണ്ടു പോകാൻ അവകാശമുണ്ടാകുമോ എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ-സി) 17-6-2003-ൽ പുറപ്പെടുവിച്ച "പ്രത്യേക സാമ്പത്തിക മേഖലാ നയം" സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ചാണ് ഇത്തരമൊരു നയം രൂപീകരിച്ചത്.

(ഇ) ഉണ്ടാകും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly